| 23-07-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - നിങ്ങൾക്ക് സമയമാകുമ്പോൾ വീട്ടിലേക്ക് തിരികെ പോകേണ്ടതുണ്ട് അതുകൊണ്ട് ഓർമ്മിക്കുന്നതിന്റെ വേഗത വർദ്ധിപ്പിക്കൂ, ഈ ദുഃഖധാമത്തെ മറന്ന് ശാന്തിധാമത്തെയും സുഖധാമത്തെയും ഓർമ്മിക്കൂ**

**ചോദ്യം:-** ഏതൊരു ഗഹനമായ രഹസ്യം നിങ്ങൾ മനുഷ്യർക്ക് കേൾപ്പിച്ച് കൊടുത്താൽ അവരുടെ ബുദ്ധി ഇളകിമറിയും?

**ഉത്തരം:-** ആത്മാവ് ഒരു ചെറിയ ബിന്ദുവാണ്, അതിൽ സദാ കാലത്തേക്കുള്ള പാർട്ട് അടങ്ങിയിട്ടുണ്ട്, അത് അഭിനയിച്ചുകൊണ്ടേയിരിക്കും. ഒരിക്കലും അവസാനിക്കുന്നില്ല. ആർക്കും മോക്ഷവും ലഭിക്കില്ല. മനുഷ്യർ വളരെയധികം ദുഃഖിക്കുമ്പോൾ മോക്ഷം കിട്ടിയിരുന്നെങ്കിൽ നന്നായിരുന്നു എന്ന് പറയാറുണ്ട്, എന്നാൽ അവിനാശിയായ ആത്മാവിന് പാർട്ട് അഭിനയിക്കാതിരിക്കാൻ കഴിയില്ല. ഈ കാര്യങ്ങൾ അവരുടെ ഉള്ളിനെ പിടിച്ചുകുലുക്കും.

**ഓംശാന്തി**. വളരെ മധുരമായ ആത്മീയ കുട്ടികൾക്ക് ബാബ മനസ്സിലാക്കി തരുന്നു, ഇവിടെയുള്ളത് ആത്മീയ കുട്ടികളാണ്. ബാബ ദിവസവും മനസ്സിലാക്കിത്തരുന്നു, ഈ ലോകത്തിൽ പാവപ്പെട്ടവർക്ക് എത്രമാത്രം ദുഃഖമാണ്, വെള്ളപ്പൊക്കവും മറ്റും ഉണ്ടാകുമ്പോൾ അവരുടെ സാധനങ്ങൾക്കും മറ്റും എന്തെല്ലാം സംഭവിക്കുന്നു. അതുകാരണം അവർ ദുഃഖിതരാകുന്നു. ദുഃഖമുണ്ടല്ലോ, വളരെയധികം ദുഃഖമാണ്. സമ്പന്നർക്ക് സുഖമാണ് എന്നാൽ അതും അല്പകാലത്തേക്ക് മാത്രമാണ്. സമ്പന്നർക്കും അസുഖം വരുന്നു, ധാരാളം പേർ മരിക്കുന്നു - ഇന്ന് ഇന്നയാൾ മരിച്ചു, ഇങ്ങിനെ സംഭവിച്ചു. ഇന്ന് പ്രസിഡന്റായിരിക്കും എന്നാൽ നാളെ ആ സിംഹാസനം ഉപേക്ഷിക്കേണ്ടി വരുന്നു. ഘെരാവോ ചെയ്ത് അവരെ താഴെയിറക്കുന്നു. ഇങ്ങനെയും ദുഃഖമുണ്ടാകുന്നു. ബാബ പറയുന്നു ഈ ദുഃഖധാമത്തിൽ ഏതെല്ലാം തരത്തിലുള്ള ദുഃഖങ്ങളാണുള്ളത് എന്ന ലിസ്റ്റുണ്ടാക്കൂ. നിങ്ങൾ കുട്ടികൾ സുഖധാമത്തേയും അറിയുന്നുണ്ട്, ലോകത്തിലുള്ളവർ ഒന്നും അറിയുന്നില്ല. ദുഃഖധാമത്തെയും സുഖധാമത്തെയും താരതമ്യം ചെയ്യുവാൻ അവർക്ക് സാധിക്കില്ല. ബാബ പറയുന്നു നിങ്ങൾ സർവ്വതും അറിയുന്നുണ്ട്, ബാബ സത്യമാണ് പറയുന്നത് എന്ന് അംഗീകരിക്കുകയും ചെയ്യുന്നു. ഇവിടെ വലിയ-വലിയ കെട്ടിടങ്ങളും വിമാനങ്ങളുമൊക്കെയുള്ളവർ വിചാരിക്കുന്നത് കലിയുഗം ഇനിയും നാൽപതിനായിരം വർഷം ഉണ്ടായിരിക്കും അതിന് ശേഷമാണ് സത്യയുഗം വരുന്നത് എന്നാണ്. ഘോരാന്ധകാരത്തിലല്ലേ. അവരേയും സമീപത്തേക്ക് കൊണ്ട് വരണം. ഇനി കുറച്ച് സമയമാണുള്ളത്. അവർ ലക്ഷക്കണക്കിന് വർഷം എന്ന് പറയുന്നു, നിങ്ങൾ 5000 വർഷമാണെന്നത് തെളിയിച്ച് പറഞ്ഞ് കൊടുക്കുന്നു. ഈ 5000 വർഷത്തിന് ശേഷം ചക്രം ആവർത്തിക്കുന്നു. ഡ്രാമ ലക്ഷക്കണക്കിന് വർഷമൊന്നും ഉണ്ടായിരിക്കില്ല. എന്തെല്ലാം സംഭവിക്കുന്നുവോ അത് 5000 വർഷത്തിൽ സംഭവിക്കും എന്നത് നിങ്ങൾ മനസ്സിലാക്കി. ഇവിടെ ദുഃഖധാമത്തിൽ രോഗങ്ങളുമെല്ലാം ഉണ്ടാക്കും. പ്രധാനപ്പെട്ട കുറച്ച് കാര്യങ്ങൾ നിങ്ങൾ എഴുതൂ. സ്വർഗ്ഗത്തിൽ ദുഃഖത്തിന്റെ പേരു പോലും ഉണ്ടായിരിക്കില്ല. മരണം മുന്നിൽ നിൽക്കുകയാണ്, അതേ ഗീതയുടെ എപ്പിസോഡ് നടന്നു കൊണ്ടിരിക്കുകയാണ് എന്നത് ബാബ മനസ്സിലാക്കിത്തരുന്നു. സത്യയുഗത്തിന്റെ സ്ഥാപന തീർച്ചയായും സംഗമയുഗത്തിൽ തന്നെയാണ് നടക്കുന്നത്. ഞാൻ രാജാക്കന്മാരുടേയും രാജാവാക്കി മാറ്റുകയാണെന്ന് ബാബ പറയുമ്പോൾ അത് തീർച്ചയായും സത്യയുഗത്തിലെ രാജാവായിരിക്കുമല്ലോ. ബാബ നല്ല രീതിയിൽ മനസ്സിലാക്കി തരുന്നു.

നമ്മൾ ഇപ്പോൾ സുഖധാമത്തിക്കേ് പോവുകയാണ്. ബാബയ്ക്ക് കൊണ്ട് പോകേണ്ടതുണ്ട്. നിരന്തരം ഓർമ്മിക്കുന്നവർ ഉയർന്ന പദവി നേടും, അതിന് വേണ്ടിയുള്ള യുക്തികൾ ബാബ പറഞ്ഞ് തരുന്നു. ഓർമ്മിക്കുന്നതിന്റെ വേഗത വർദ്ധിപ്പിക്കൂ. കുംഭ മേളയിലും സമയത്ത് എത്തിച്ചേരണമല്ലോ. നിങ്ങൾക്കും സമയത്ത് പോകണം. വളരെ വേഗം എത്തിച്ചേരണം എന്നതല്ല. പെട്ടെന്ന് ചെയ്യണം എന്ന് പറയുന്നതും നമ്മുടെ കൈയ്യിലല്ല ഇരിക്കുന്നത്. ഇത് ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഡ്രാമയ്ക്കാണ് മുഴുവൻ മഹിമയുമുള്ളത്. ഇവിടെ എത്രമാത്രം ജീവജാലങ്ങളുണ്ടോ അതെല്ലാം തന്നെ ദുഃഖം നൽകുന്നതാണ്. സത്യയുഗത്തിൽ ഇങ്ങനെയായിരിക്കില്ല. ഉള്ളിൽ ചിന്തിക്കണം, അവിടെ ഇന്ന ഇന്ന കാര്യങ്ങളൊക്കെ ഉണ്ടായിരിക്കും. സത്യയുഗം ഓർമ്മ വരുന്നുണ്ടല്ലോ അല്ലേ. ബാബയാണ് സത്യയുഗം സ്ഥാപിക്കുന്നത്. അന്തിമസമയത്ത് മുഴുവൻ ജ്ഞാനവും സാരരൂപത്തിൽ ബുദ്ധിയിലുണ്ടാകും. ഏതുപോലെയാണോ ബീജം ചെറുതും വൃക്ഷം വലുതുമായിരിക്കുന്നത്. അത് ജഢ വസ്തുക്കളാണ്, ഇത് ചൈതന്യമാണ്. ഇതിനെ ആർക്കും അറിയില്ല. കൽപത്തിന്റെ ആയുസ്സ് തന്നെ വളരെ ദൈർഘ്യമുള്ളതായി കാണിച്ചിരിക്കുന്നു.

ഭാരതം തന്നെയാണ് വളരെയധികം സുഖം നേടുന്നത് അതുപോലെ ഭാരതം തന്നെയാണ് ദുഃഖവും അനുഭവിക്കുന്നത്. ഭാരതത്തിലാണ് രോഗങ്ങളും അധികമുള്ളത്. ഇവിടെ കൊതുകുകൾ ചാകുന്നത് പോലെയാണ് മനുഷ്യർ മരിക്കുന്നത്. കാരണം ആയുസ്സ് കുറവാണ്. ശുദ്ധമാകുന്നതിന്റെ കാര്യത്തിൽ ഇവിടെയുള്ളവരും വിദേശത്തുള്ളവരും തമ്മിൽ എത്രമാത്രം അന്തരമാണുള്ളത്. വിദേശത്ത് നിന്നും എല്ലാ കണ്ടുപിടിത്തങ്ങളും ഇവിടേക്ക് കൊണ്ട് വരുന്നുണ്ട്. സത്യയുഗത്തിന്റെ പേര് തന്നെ പറുദീസ (പാര ഡൈസ്) എന്നാണ്. അവിടെ എല്ലാവരും സതോപ്രധാനമാണ്. ഇതെല്ലാം നിങ്ങൾക്ക് സാക്ഷാത്ക്കാരമുണ്ടാകും. ബാബയിരുന്ന് മനസ്സിലാക്കിത്തരുന്ന ഈ സമയം സംഗമയുഗമാണ്. മനസ്സിലാക്കിത്തന്നുകൊണ്ടേയിരക്കും, പുതിയ പുതിയ കാര്യങ്ങൾ കേൾപ്പിച്ച് തന്നു കൊണ്ടേയിരിക്കും. ബാബ പറയുന്നു, ഓരോ ദിവസവും ഗഹനമായ കാര്യങ്ങളാണ് കേൾപ്പിക്കുന്നത്. ബാബ ഇത്രയും ചെറിയ ബിന്ദുവാണെന്നോ അതിൽ സദാകാലത്തേക്ക് മുഴുവൻ പാർട്ടും അടങ്ങിയിട്ടുണ്ടെന്നോ അറിയില്ലായിരുന്നു. നിങ്ങൾ പാർട്ട് അഭിനയിച്ച് വരികയായിരുന്നു, നിങ്ങൾ ആർക്കെങ്കിലും പറഞ്ഞ് കൊടക്കുകയാണെങ്കിൽ അവരുടെ ബുദ്ധി വളരെയധികം ഇളകിമറിയും,ഇവർ എന്താണ് പറയുന്നത് – ഇത്രയും ചെറിയ ബിന്ദുവിൽ മുഴുവൻ പാർട്ടും അടങ്ങിയിട്ടുണ്ടെന്നോ. അത് അഭിനയിച്ച് കൊണ്ടേയിരിക്കുന്നു, ഒരിക്കലും ക്ഷീണിക്കുന്നില്ല! ഈ കാര്യങ്ങൾ ആർക്കും അറിയില്ല. അരകൽപം സുഖവും അരകൽപം ദുഃഖവുമാണെന്ന് നിങ്ങൾ കുട്ടികൾ മനസ്സിലാക്കി. വളരെയധികം ദുഃഖം കാണുമ്പോൾത്തന്നെയാണ് മനുഷ്യർ പറയുന്നത്, ഇതിൽ നിന്നും മോക്ഷം വേണം. നിങ്ങൾ സുഖത്തിലും ശാന്തിയിലും ഇരിക്കു മ്പോൾ  ഒരിക്കലും ഇങ്ങനെ പറയാറില്ല. നിങ്ങളുടെ ബുദ്ധിയിൽ ഈ മുഴുവൻ ജ്ഞാനവുമുണ്ട്. ബാബ ബീജമായത് കാരണം ബാബയിൽ മുഴുവൻ വൃക്ഷത്തിന്റെയും ജ്ഞാനമുണ്ട്. വൃക്ഷത്തിന്റെ മോഡൽ കാണിച്ചിട്ടുണ്ട്. വലുത് കാണിക്കുവാൻ സാധിക്കില്ല. ബുദ്ധിയിൽ മുഴുവൻ ജ്ഞാനവുമുണ്ട്. നിങ്ങൾ കുട്ടികൾക്ക് എത്രമാത്രം വിശാലമായ ബുദ്ധിയുണ്ടായിരിക്കണം. ഇന്നയിന്നവർ ഇത്ര സമയത്തിന് ശേഷം വീണ്ടും പാർട്ട് അഭിനയിക്കുവാൻ വരുന്നു, ഇത് എത്ര വലിയ ഡ്രാമയാണ് – ഇതെല്ലാം എത്രയാണ് പറഞ്ഞു മനസ്സിലാക്കേണ്ടി വരുന്നത്. ഈ ഡ്രാമ മുഴുവനായും ഒരിക്കലും ഒരാൾക്കും കാണാൻ സാധിക്കില്ല. അസംഭവ്യമാണ്. ദിവ്യ ദൃഷ്ടിയിലൂടെ നല്ലകാര്യങ്ങളെ കാണുവാൻ സാധിക്കുന്നു. ഗണേശനും ഹനുമാനുമെല്ലാം ഭക്തിമാർഗ്ഗത്തിലുള്ളവരാണ്. എന്നാൽ മനുഷ്യരിൽ ഭാവന ഉറച്ചുപോയത് കാരണം വിടാൻ കഴിയുന്നില്ല. നിങ്ങൾ കുട്ടികൾക്ക് പുരുഷാർത്ഥം ചെയ്യണം, കൽപം മുൻപത്തേതു പോലെ പദവി നേടുവാൻ വേണ്ടി പഠിക്കണം. നിങ്ങൾക്കറിയാം ഓരോരുത്തർക്കും പുനർജന്മം എടുക്കുക തന്നെ വേണം. എങ്ങനെയാണ് പടിയിറങ്ങിയതെന്നും കുട്ടികൾ മനസ്സിലാക്കി. സ്വയം മനസ്സിലാക്കുന്നവർ മറ്റുള്ളവർക്കും മനസ്സിലാക്കിക്കൊടുക്കും. കൽപം മുൻപും ഇത് തന്നെയാണ് ചെയ്തിട്ടുള്ളത്. കൽപം മുൻപും ഇതുപോലെ മ്യൂസിയമെല്ലാം ഉണ്ടാക്കി കുട്ടികളെ പഠിപ്പിച്ചിട്ടുണ്ട്. പുരുഷാർത്ഥം ചെയ്ത് കൊണ്ടിരിക്കുകയാണ്, ചെയ്ത് കൊണ്ടേയിരിക്കും. ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. അനേകം പേർ വരും. ഓരോ തെരുവിലും ഓരോ വീട്ടിലും ഈ സ്കൂൾ തുറക്കും. ധാരണ ചെയ്യുവാനുള്ള കാര്യമാണ്. പറയൂ, നിങ്ങൾക്ക് രണ്ട് അച്ഛൻമാരുണ്ട്, അതിൽ ഉയർന്നത് ആരാണ്? ദയ കാണിക്കൂ, കൃപ കാണിക്കൂ എന്നൊക്കെ വിളിക്കുന്നത് ആ പിതാവിനെ തന്നെയാണ്. ബാബ പറയന്നു യാചിക്കുന്നതിലൂടെ യാതൊന്നും ലഭിക്കില്ല. ഞാൻ വഴി പറഞ്ഞ് തരുന്നു. ഞാൻ വരുന്നത് തന്നെ വഴി പറഞ്ഞ് തരാൻ വേണ്ടിയാണ്. നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ ജ്ഞാനവുമുണ്ട്.

ബാബ എത്രമാത്രം പരിശ്രമിക്കുന്നു. ഇനി വളരെ കുറച്ച് സമയമാണ് അവശേഷിക്കുന്നത്. എനിക്ക് സേവാധാരികളായ കുട്ടികളാണ് ആവശ്യം. ഓരോ വീട്ടിലും ഗീതാപാഠശാല തുടങ്ങണം. മറ്റ് ചിത്രങ്ങളൊന്നും വയ്ക്കേണ്ടതില്ല, കേവലം പുറത്ത് എഴുതി വയ്ക്കൂ. ചിത്രം ഈ ബാഡ്ജിലുള്ളതു മാത്രം മതി. അന്തിമസമയത്ത് ഈ ബാഡ്ജ് തന്നെയായിരിക്കും നിങ്ങൾക്ക് പ്രയോജനപ്പെടുക. സൂചന നൽകേണ്ട കാര്യമേയുള്ളൂ. മനസിലാക്കും പരിധിയില്ലാത്ത പിതാവ് തീർച്ചയായും സ്വർഗ്ഗം തന്നെയായിരിക്കും രചിക്കുന്നത്. അങ്ങനെയെങ്കിൽ ബാബയെ ഓർമ്മിച്ചാലല്ലേ സ്വർഗ്ഗത്തിലേക്ക് പോകാൻ സാധിക്കൂ. ഇതറിയുന്നുണ്ട് – നമ്മൾ പതിതരാണ്, ഓർമ്മയിലൂടെ തന്നെയാണ് പാവനമാകുന്നത്, അല്ലാതെ മറ്റൊരു ഉപായവും ഇല്ല. സ്വർഗ്ഗം പാവനമായ ലോകമാണ്, സ്വർഗ്ഗത്തിന്റെ അധികാരിയാകണമെങ്കിൽ തീർച്ചയായും പാവനമാകണം. സ്വർഗ്ഗത്തിൽ പോകേണ്ടവർ നരകത്തിൽ കിടന്ന് കഷ്ടതകൾ എങ്ങനെ അനുഭവിക്കും, അതുകൊണ്ട് ബാബ പറയുന്നു – മന്മനാഭവ! പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കൂ അപ്പോൾ അന്തിമ മനം പോലെ ഗതിയുണ്ടാകും. സ്വർഗ്ഗത്തിൽ പോകുന്നവർ ഒരിക്കലും വികാരത്തിൽ പോകില്ല. നല്ല ഭക്തരായിട്ടുള്ളവരും അത്രയും വികാരത്തിലേക്ക് പോകില്ല. പവിത്രമാകൂ എന്ന് സന്യാസിമാർ പറയില്ല കാരണം അവർ സ്വയം വിവാഹം നടത്തികൊടുക്കുന്നു. അവർ ഗൃഹസ്ഥികളോട് പറയുന്നത് മാസത്തിലൊരിക്കൽ വികാരത്തിക്കേ് പോയ്ക്കൊള്ളൂ എന്നാണ്. നിങ്ങൾ വിവാഹം കഴിക്കരുത് എന്ന്

ബ്രഹ്മചാരികളോടും പറയുന്നില്ല. നിങ്ങളിലും ചിലർ ഗാന്ധർവ വിവാഹം ചെയ്യുന്നുണ്ട് പിന്നീട് അടുത്ത ദിവസം കളി അവസാനിപ്പിക്കുന്നു. മായ വളരെയധികം ആകർഷിക്കുന്നു. ഈ സമയത്ത് മാത്രമാണ് പവിത്രമാകുവാനുള്ള പുരുഷാർത്ഥം ചെയ്യുന്നത്, പിന്നീടുള്ളത് പ്രാലബ്ധമാണ്. അവിടെ രാവണന്റെ രാജ്യം ഉണ്ടായിരിക്കില്ല. ക്രിമിനൽ ചിന്തകളും ഉണ്ടായിരിക്കില്ല. രാവണനാണ് ക്രിമിനലാക്കി മാറ്റുന്നത്. ശിവബാബ സിവിൽ ആക്കി മാറ്റുന്നു. ഇതും ഓർമ്മിക്കണം. ഓരോ വീട്ടിലും ക്ലാസ്സ് നടക്കുകയാണെങ്കിൽ എല്ലാവരും പറഞ്ഞുകൊടുക്കുന്നവരാകും. ഓരോ വീട്ടിലും ഗീതാപാഠശാല തുടങ്ങി വീട്ടിലുള്ളവരേയും പരിവർത്തനപ്പെടുത്തണം. അങ്ങനെ വൃദ്ധി പ്രാപിക്കും. (ഇവിടെ) സാധാരണക്കാരും പാവപ്പെട്ടവരും ഒരേ പോലെയാണ്. വലിയ വലിയ ആളുകൾക്ക് പാവപ്പെട്ടവരുടെ സത്സംഗത്തിൽ വരാൻ തന്നെ ലജ്ജ വരും എന്തുകൊണ്ടെന്നാൽ കേട്ടിട്ടുണ്ടല്ലോ മാന്ത്രികമാണ്, സഹോദരീ സഹോദരനാക്കി മാറ്റും. അത് നല്ലതല്ലേ. കുടുംബത്തിൽ എത്രമാത്രം പ്രശ്നങ്ങളാണുണ്ടാകുന്നത്. എത്രമാത്രം ദുഃഖിയാണ്. ഇത് ദുഃഖത്തിന്റെ ലോകം തന്നെയാണ്. ഇവിടെ വളരെയധികം ദുഃഖമാണ്. അവിടെ വളരെയധികം സുഖമായിരക്കും. ലിസ്റ്റ് ഉണ്ടാക്കുവാൻ നിങ്ങൾ പരിശ്രമിക്കൂ. ദുഃഖിതരാകാനുള്ള 25 – 30 പ്രധാനപ്പെട്ട കാര്യങ്ങൾ കണ്ടെത്തൂ.

പരിധിയില്ലാത്ത ബാബയിൽ നിന്നും സമ്പത്ത് നേടുവാൻ വേണ്ടി എത്രമാത്രം പുരുഷാർത്ഥം ചെയ്യണം. ബാബ ഈ രഥത്തിലൂടെ നമുക്ക് മനസ്സിലാക്കിതരുന്നു. ഈ ദാദയും വിദ്യാർത്ഥിയാണ്. ദേഹധാരികൾ എല്ലാം വിദ്യാർത്ഥികളാണ്. പഠിപ്പിക്കുന്ന ടീച്ചർ വിദേഹിയാണ്. നിങ്ങളേയും വിദേഹിയാക്കുകയാണ്. അതുകൊണ്ട് ബാബ പറയുന്നു ശരീരത്തിന്റെ ബോധത്തെ ഉപേക്ഷിക്കൂ. ഈ കെട്ടിടങ്ങളൊന്നും ഉണ്ടായിരിക്കില്ല. അവിടെ എല്ലാം പുതിയതാണ് ലഭിക്കുന്നത്. അവസാനം സർവ്വതും നിങ്ങൾക്ക് സാക്ഷാത്ക്കാരമുണ്ടാകും. ആ വശത്ത് (വിദേശങ്ങളിൽ) അറ്റോമിക്ക് ബോംബുകളിലൂടെ വളരെയധികം വിനാശമുണ്ടാകും. ഇവിടെ (ഭാരതത്തിൽ) രക്തത്തിന്റെ നദികൾ ഒഴുകും, അതിന് സമയമെടുക്കും. വളരെ ഭയാനകമായ മരണമാണ് ഇവിടെ സംഭവിക്കുന്നത്. ഇത് അവിനാശിയായ ഖണ്ഡമാണ്, ഭൂപടത്തിൽ നോക്കിയാൽ അറിയാം ഹിന്ദുസ്ഥാൻ ഒരു കോണിലാണ്. ഡ്രാമയനുസരിച്ച് ഇവിടെ അതിന്റെ പ്രഭാവം ഉണ്ടാകില്ല. ഇവിടെ രക്തത്തിന്റെ നദികൾ ഒഴുകും. ഇപ്പോൾ തയ്യാറെടുപ്പുകൾ നടന്നുകൊണ്ടിരിക്കുന്നു. അവസാനം ഇവിടേക്ക് ബോംബുകളും കടമായി നല്കിയേക്കാം. ലോകം തന്നെ നശിപ്പിക്കാൻ ശേഷിയുള്ള ബോംബുകളായിരിക്കും അവർ പ്രയോഗിക്കുക, അത് കടം തരില്ല. ഗുണനിലവാരം കുറഞ്ഞതായിരിക്കും നൽകുക. ഉപകാരപ്പെടുന്ന വസ്തുക്കൾ ആർക്കും തന്നെ നല്കില്ല. കൽപത്തിന് മുൻപെന്ന പോലെ വിനാശം സംഭവിക്കുക തന്നെ വേണം. പുതിയ കാര്യമൊന്നുമല്ല. അനേക ധർമ്മത്തിന്റെ വിനാശവും ഒരു ധർമ്മത്തിന്റെ സ്ഥാപനയും. ഭാരത ഖണ്ഡം ഒരിക്കലും നശിക്കുന്നില്ല. കുറച്ചുപേർ അവശേഷിക്കുക തന്നെ വേണം. സർവ്വരും മരിച്ചാൽ അത് പ്രളയമായി മാറും. ഓരോ ദിവസവും നിങ്ങളുടെ ബുദ്ധി വിശാലമായി മാറും. നിങ്ങൾക്ക് വളരെയധികം ആദരവുണ്ടാകും. ഇപ്പോൾ അത്രയും ആദരവ് ഇല്ല. അതുകൊണ്ടല്ലേ കുറച്ചുപേർ മാത്രം പാസാകുന്നത്. ബുദ്ധിയിൽ വരുന്നതേയില്ല എത്രമാത്രം ശിക്ഷകൾ അനുഭവിക്കേണ്ടിവരും, പിന്നീട് വരുന്നതും വൈകിയായിരിക്കും. വീണാൽ സമ്പാദ്യമെല്ലാം നഷ്ടമാകും. കറുത്തതിലും കറുത്തതായി മാറും. പിന്നെ അവർക്ക് എഴുന്നേറ്റുനിൽക്കാൻ കഴിയില്ല. എത്രപേരാണ് വിട്ടുപോകുന്നത്, ഇനി എത്ര പേർ പോകാനിരിക്കുന്നു. ഈ അവസ്ഥയിൽ ശരീരം വിട്ട് പോയാൽ നമ്മുടെ ഗതി എന്താകും എന്ന് സ്വയവും മനസ്സിലാക്കുവാൻ സാധിക്കും. വിവേകത്തിന്റെ കാര്യമല്ലേ. ബാബ പറയുന്നു നിങ്ങൾ കുട്ടികൾ ശാന്തി സ്ഥാപിക്കുന്നവരാണ്, നിങ്ങളിലും അശാന്തിയുണ്ടാകുമ്പോഴാണ് പദവി നഷ്ടമാകുന്നത്. ആർക്കും ദുഃഖം കൊടുക്കേണ്ട ആവശ്യമില്ല. ബാബ എത്രമാത്രം സ്നേഹത്തോടെയാണ് സർവ്വരേയും കുട്ടികളേ കുട്ടികളേ എന്ന് വിളിച്ച് സംസാരിക്കുന്നത്. പരിധിയില്ലാത്ത പിതാവല്ലേ. മുഴുവൻ ലോകത്തിന്റെയും ജ്ഞാനം ബാബയിലുണ്ട്. അതുകൊണ്ടാണ് മനസ്സിലാക്കി തരുന്നത്. ഈ ലോകത്തിൽ എത്ര പ്രകാരത്തിലുള്ള ദുഃഖങ്ങളാണുള്ളത്. ദുഃഖത്തിന്റെ ധാരാളം കാരണങ്ങൾ നിങ്ങൾക്ക് എഴുതുവാൻ സാധിക്കും. നിങ്ങൾ ഇത് തെളിയിച്ച് പറഞ്ഞ് കൊടുക്കുകയാണെങ്കിൽ ഈ കാര്യങ്ങൾ സത്യമാണെന്ന് മനസ്സിലാക്കും. ബാബയ്ക്കല്ലാതെ മറ്റാർക്കും ഇത്രയും ദുഃഖത്തെ ദൂരീകരിക്കുവാൻ സാധിക്കില്ല. ദുഃഖങ്ങളുടെ ലിസ്റ്റ് ഉണ്ടെങ്കിൽ ഏതെങ്കിലുമൊക്കെ ബുദ്ധിയിൽ ഇരിക്കും. ബാക്കിയെല്ലാം കേട്ടിട്ടും കേൾക്കാത്തതുപോലെയിരിക്കും. അവരെക്കുറിച്ച് തന്നെയാണ് പറയുന്നത്, പോത്തിന്റെ ചെവിയിൽ... ബാബ പറയുന്നു – നിങ്ങൾ കുട്ടികൾ പുഷ്പങ്ങളായി മാറണം. ഒരു തരത്തിലുമുള്ള അശാന്തിയോ അപവിത്രതയോ ഉണ്ടാകരുത്. അശാന്തി വ്യാപിപ്പിക്കുന്നവർ ദേഹാഭിമാനികളാണ്, അവരിൽ നിന്നും മാറിയിരിക്കണം. സ്പർശിക്കുക പോലും ചെയ്യരുത്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുര–മധുരമായ കുട്ടികളെ പ്രതി മാതാവും പിതാ

വുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുളള മുഖ്യ സാരം:-**

1. ഏതുപോലെയാണോ പഠിപ്പിക്കുന്ന ടീച്ചർ വിദേഹിയായി ദേഹബോധം ഇല്ലാതിരിക്കുന്നത്, അതുപോലെ വിദേഹിയാകണം. ശരീരത്തിന്റെ ബോധം ഉപേക്ഷിക്കണം. ക്രിമിനൽ ദൃഷ്ടി മാറ്റി സിവിൽ ദൃഷ്ടിയാക്കണം.

2. തന്റെ ബുദ്ധിയെ വിശാലമാക്കണം. ശിക്ഷകളിൽ നിന്നും രക്ഷപ്പെടുന്നതിന് വേണ്ടി ബാബയോടും പഠിപ്പിനോടും ആദരവുണ്ടായിരിക്കണം. ഒരിക്കലും ദുഃഖം കൊടുക്കരുത്, അശാന്തി പരത്തരുത്.

വരദാനം:- ബ്രാഹ്മണജീവിതത്തിന്റെ സ്വാഭാവിക സ്വഭാവത്തിലൂടെ കല്ലിനെപ്പോലും വെള്ളമാക്കി മാറ്റുന്ന മാസ്റ്റർ സ്നേഹസാഗരനായി ഭവിക്കട്ടെ.

ലോകത്തുള്ളവർ പറയാറുണ്ട് സ്നേഹം കല്ലിനെപ്പോലും വെള്ളമാക്കിമാറ്റുന്നതാണ്, അതേപോലെ താങ്കൾ ബ്രാഹ്മണരുടെ സ്വാഭാവിക സ്വഭാവം മാസ്റ്റർ സ്നേഹ സാഗരമാണ്. താങ്കളിൽ ആത്മീയ സ്നേഹം, പരമാത്മാസ്നേഹത്തിന്റെ അങ്ങിനെയുള്ള ശക്തിയുണ്ട്, അതിലൂടെ ഭിന്ന-ഭിന്ന സ്വഭാവങ്ങളെ പരിവർത്തനപ്പെടുത്താൻ കഴിയുന്നു. എങ്ങനെയാണോ സ്നേഹത്തിന്റെ സാഗരൻ തന്റെ സ്നേഹസ്വരൂപത്തിന്റെ അനാദി സ്വഭാവത്തിലൂടെ താങ്കൾ കുട്ടികളെ തന്റേതാക്കി മാറ്റിയത് അതേപോലെ താങ്കളും മാസ്റ്റർ സ്നേഹസാഗരന്മാരായി വിശ്വത്തിലെ ആത്മാക്കൾക്ക് സത്യമായ നിസ്വാർത്ഥ ആത്മീയ സ്നേഹം കൊടുക്കൂ എങ്കിൽ അവരുടെ സ്വഭാവം പരിവർത്തനപ്പെടും.

**സ്ലോഗൻ:- തന്റെ വിശേഷതകളെ സ്മൃതിയിൽ വെച്ച് അവയെ സേവനത്തിൽ ഉപയോഗപ്പെടുത്തൂ എങ്കിൽ പറക്കുന്ന കലയിൽ പറന്നുകൊണ്ടിരിക്കും.**

-